# MANCA POST



*Quarterly Newsletter from MANCA- Malayalee Association of Northern California*







## Editor's Note

I am happy to bring to you a special edition of this newsletter with varied content targeted at all sections within our community. Since Valentine's Day coincides with the release of this edition, you will find the newsletter filled with the theme of love in its varied forms.

Manca Post remains committed to be the platform for our community to connect and the team looks forward to every opportunity to be the facilitator in this direction. We earnestly urge our readers to make this a communication channel of choice. Happy Reading!!- ***Dr. Ajit Nair***

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

**In This Issue:**


- *ഇതു പ്രണയമോ അതോ ഭ്രാന്തോ?*
- *എം ജി രാധാകൃഷ്ണൻ എന്ന ഗുരുനാഥൻ*
- **Manca Money Matters**
- **Valentine Day Quotes**
- **News and Events**
- **Trivia Corner**
- **Legend of Valentine**




## From the President's Desk

Welcome to the special edition of Manca Post!

In the last 2 editions of Manca Post, I do believe that this newsletter has been a fine example of a lively, entertaining community channel that the team envisioned to carry forward.

I especially thank Dr Ajit Nair for fostering the efforts of the team and producing this special edition of the newsletter for the Couple's Night/Valentine's Day.

We hope to hear from each of you as to what you would like to see in this newsletter in each of its editions.

Please support us the best you can!

Wishing you all a wonderful Valentine's Day!

Tojo Thomas
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

## *ഇതു പ്രണയമോ അതോ ഭ്രാന്തോ?*

**-ആമി ആനന്ദ്, ചെന്നൈ**

പ്രണയവും പ്രണയഭംഗവും പറഞ്ഞും എഴുതിയും അനുഭവിച്ചും അറിയാത്തവരുണ്ടാകില്ല. പ്രണയം എന്തെന്ന് അറിയാത്ത പ്രായത്തിലാണ് ഞാന് ഒരു പ്രണയിനിയെ പരിചയപ്പെടുന്നത്. എന്താണ് അവരുടെ ഉള്ളിലെ വികാരമെന്ന് അന്ന് ചിന്തിച്ച് ഞാന് അന്തംവിട്ടിരുന്നിട്ടുണ്ട്. പിന്നീട് ഇതൊരു വട്ടന്വികാരമാണെന്നും തോന്നിയിട്ടുണ്ട്.

ഞാന് അന്ന് ആറാംക്ലാസില് പഠിക്കുകയാണ്. അച്ഛന്റെ ജോലിയില് ട്രാന്സ്ഫര് ഉണ്ടായപ്പോള് എന്റെ പഠനവും പറിച്ചുനടപ്പെട്ടു. നാട്ടിലെ സ്കൂളില് നിന്നും ആലപ്പുഴയിലെ ഒരു സ്കൂളിലേക്കായിരുന്നു ആ മാറ്റം. ഒരു നാട്ടിന്പുറത്തായിരുന്നു എന്റെ സ്കൂള്, ഞങ്ങളുടെ വാടകവീടും അതിനടുത്ത് തന്നെ. വലിയൊരു തെങ്ങുതോപ്പിന് നടുവിലെ ഞങ്ങളുടെ വീടിന് സമീപമുണ്ടായിരുന്നത് അമ്മിണിചേച്ചിയും അവരുടെ ഭര്ത്താവും രണ്ട് മക്കളുമായിരുന്നു. ഞങ്ങള് കുട്ടികള് പെട്ടെന്ന് കൂട്ടായി. എന്നെക്കാള് ഒരു വയസിന് മൂത്ത കുട്ടിയും നാല് വയസിന് ഇളയ കുട്ടിയും. അവര് ടൗണിലെ സ്കൂളിലാണ് പഠിച്ചിരുന്നത്. വൈകുന്നേരങ്ങളിലാണ് ഞങ്ങള് പന്ത് കളിയും ഒക്കെയായി ഒത്തുകൂടുന്നത്. അങ്ങനെയൊരു വൈകുന്നേരമാണ് മേല്പ്പറഞ്ഞ കഥാപാത്രം, ആനിച്ചേച്ചിയെ ഞാന് പരിചയപ്പെടുന്നത്.

ആനിച്ചേച്ചി അമ്മിണിച്ചേച്ചിയുടെ ഭര്ത്താവിന്റെ സഹോദരിയുടെ മകളായിരുന്നു. പ്രസരിപ്പുള്ള ചെറിയ മുഖവും ഇരുനിറവും കണ്ണുകളില് നിറയുന്ന വിഷാദവും ഇതായിരുന്നു ആനിച്ചേച്ചി. ചേച്ചിക്കന്ന് 30 വയസോളം പ്രായമുണ്ടായിരുന്നു. ആ പ്രായത്തിലെ ഒരു സ്ത്രീക്ക് വേണ്ട യാതൊരു ചമയങ്ങളുമില്ലാതെയാണ് ഞാന് ആനിച്ചേച്ചിയെ കണ്ടിട്ടുള്ളത്. എന്നാലതിന്റെ രഹസ്യം എനിക്കറിയില്ലായിരുന്നു. ടൗണിലെ വീട്ടില് നിന്ന് ചേട്ടനും ചേച്ചിക്കും ഒപ്പം കുറച്ച് ദിവസം ചെലവഴിക്കാന് വന്നതായിരുന്നു അവര്. ഞങ്ങള് കുട്ടികളുമായി ചേച്ചി നല്ല കൂട്ടായിരുന്നു. ചേച്ചി നന്നായി പാടുമായിരുന്നു. 'രാജഹംസമേ മഴവില്ക്കുടിലില്' എന്ന പാട്ട് ഞാന് ആദ്യമായി കേട്ടത് അവരുടെ നാവില് നിന്നായിരുന്നു. ആ പാട്ട് പാടുമ്പോള് അവരുടെ മിഴികള് നിറഞ്ഞിരുന്നു. അന്നത്തെ പ്രായത്തില് അതിന്റെ അര്ത്ഥവും വ്യാകരണവുമൊന്നും എനിക്ക് മനസിലായിരുന്നില്ല. ചേച്ചി പാടിയിരുന്ന പാട്ടുകളിലെല്ലാം ദുഖമായിരുന്നുവെന്ന് മാത്രം മനസിലായി.

ആനിച്ചേച്ചി ഒരിക്കലും ഇഷ്ടപ്പെടാതിരുന്ന ഒരു കാര്യം അവരുടെ വിവാഹത്തെ കുറിച്ച് സംസാരിക്കുന്നതായിരുന്നു. അതിന്റെ കാരണം അന്വേഷിച്ചെങ്കിലും കുട്ടികളിതൊന്നും അറിയണ്ട എന്ന ഭാവമായിരുന്നു എല്ലാവര്ക്കും. ഒരിക്കല് എന്റെ അമ്മയുമായി അമ്മിണിചേച്ചി ആനിചേച്ചിയുടെ കാര്യം സംസാരിക്കുന്നതാണ് ഞാന് കേട്ടത്. ആനിച്ചേച്ചിയുടെ കോളജ് പഠനകാലമാണ് അവരെ വിഷാദത്തിന്റെ തടവുകാരിയാക്കിയത്.

ആനിച്ചേച്ചിയും കൂട്ടുകാരും നഗരത്തിലെ കോളജിലേക്ക് പോകാന് നില്ക്കുന്ന നാട്ടിന്പുറത്തെ ബസ് സ്റ്റോപ്പാണ് രംഗം. നിരവധി കുട്ടികള് നില്ക്കുന്ന ബസ് സ്റ്റോപ്പിന് എതിര് വശത്ത് ഒരു കടയാണുള്ളത്. അവിടെ പതിവായി വരുന്ന ഒരാള് കൃത്യമായി ആനിച്ചേച്ചിയും കൂട്ടരും നില്ക്കുന്നിടത്തേക്ക് നോക്കിയാണ് ഇരിക്കാറുള്ളത്. രണ്ട് മൂന്ന് ദിവസങ്ങള് ഇതാവര്ത്തിച്ചപ്പോള് ആനിച്ചേച്ചിയുടെ സുഹൃത്തുക്കള് ഒരു കാര്യം കണ്ടുപിടിച്ചു. അയാള് നോക്കുന്നത് ആനിച്ചേച്ചിയെ തന്നെയാണ്. കൂട്ടുകാര് ഇത് പറഞ്ഞപ്പോള് ആനിച്ചേച്ചി കളിയായി ചിരിച്ച് തള്ളി. പ്രണയമല്ലേ അങ്ങിനെ അങ്ങ് തള്ളിക്കളഞ്ഞാലും തിരിച്ച് വരും. കൂട്ടുകാര് പറഞ്ഞത് പരീക്ഷിക്കാന് ചേച്ചിയും നോക്കി. സത്യമാണ് അയാള് നോക്കുന്നത് ചേച്ചി നില്ക്കുന്നിടത്തേക്കാണ്. യാദൃശ്ചികമായി നോട്ടം പതിഞ്ഞ ദിവസം അയാള് ചിരിക്കുകയും ചെയ്തു. ഇതോടെ കൂട്ടുകാരുടെ പ്രോത്സാഹനവും ഏറി. അടുത്ത രണ്ട് ദിവസങ്ങളില് അയാളെ കാണാനില്ലായിരുന്നു. ആ രണ്ട് ദിവസം ആനിച്ചേച്ചിക്ക് വല്ലാത്ത ശൂന്യത ആണ് തോന്നിയത്. സംഗതി പ്രണയമാണല്ലോ പതുക്കെ കത്തിക്കയറി തുടങ്ങി. എരിതീയില് എണ്ണ പോലെ സുഹൃത്തുക്കളും നന്നായി സഹായിച്ചു. ഒരു ദിവസം അവരിലൊരാള് അയാള് തന്നതാണെന്നും പറഞ്ഞ് ചേച്ചിക്ക് ഒരു കത്ത് കൊണ്ടു കൊടുത്തു. ഇതോടെ ആനിച്ചേച്ചി അയാളെ തീവ്രമായി പ്രണയിച്ച് തുടങ്ങി. എന്നാല് രണ്ടുപേരും പര്സ്പരം സംസാരിക്കുക പോലും ചെയ്തില്ലെന്നതാണ് ഏറെ അത്ഭുതം. പ്രണയത്തിന് വാക്കുകളേക്കാള് വാചാലം മൗനമാണെന്നൊക്കെ ചേച്ചിയും ധരിച്ചിരിക്കാം.

പിന്നീട് കുറച്ച് നാള് അയാള് ബസ് സ്റ്റോപ്പില് വന്നില്ല. എന്നാല് കൂട്ടുകാരികള് ഓരോ ദിവസവും നിരവധി കാര്യങ്ങള് അയാളെക്കുറിച്ച് പറഞ്ഞിരുന്നു. അങ്ങനെ ചേച്ചിയുടെ ലോകത്ത് അയാള് സജീവമായിരുന്നു. പിന്നീട് ചേച്ചി അയാളെ കാണുന്നത് അതേ ബസ് സ്റ്റോപ്പില് വച്ചായിരുന്നു. ഒപ്പം സുന്ദരിയായ ഒരു പെണ്കുട്ടിയും. ചിരിച്ചും കളിച്ചും അവര് മുന്നിലൂടെ കടന്നുപോയപ്പോള് ബസ് സ്റ്റോപ്പില് ചേച്ചി ബോധം കെട്ടുവീണു. ഹോസ്പിററലില് വച്ചാണ് വീട്ടുകാര് ഈ പ്രണയകഥയറിയുന്നത്. കാമുകനെ അന്വേഷിച്ച് പോയവരോട് അങ്ങനെയൊരു പെണ്കുട്ടിയെ തനിക്കറിയില്ലെന്ന് അയാള് പറഞ്ഞു.

## Valentine's Day Quotes

Loving is not just looking at each other, it's looking in the same direction. ~Antoine de Saint-Exupéry, *Wind, Sand, and Stars*, 1939

Gravitation is not responsible for people falling in love. ~Albert Einstein

I don't understand why Cupid was chosen to represent Valentine's Day. When I think about romance, the last thing on my mind is a short, chubby toddler coming at me with a weapon. ~Author Unknown

Love is a symbol of eternity. It wipes out all sense of time, destroying all memory of a beginning and all fear of an end. ~Author Unknown

Love - a wildly misunderstood although highly desirable malfunction of the heart which weakens the brain, causes eyes to sparkle, cheeks to glow, blood pressure to rise and the lips to pucker. ~Author Unknown

Trip over love, you can get up. Fall in love and you fall forever. ~Author Unknown

Anyone can catch your eye, but it takes someone special to catch your heart. ~Author Unknown

A hundred hearts would be too few<br>
To carry all my love for you.<br>
~Author Unknown

You have to walk carefully in the beginning of love; the running across fields into your lover's arms can only come later when you're sure they won't laugh if you trip. ~Jonathan Carroll, "Outside the Dog Museum"



JACOB VARGHESE

MAXREAL – SUNNYVALE
LOOKING FOR THE BEST MORTGAGE RATES?
LOOKING FOR MORTGAGE PROTECTION INSURANCE?

408-247-3031

BESTCAMORTGAGES.COM SWANLOANS.COM
ONEWALLSTREET.COM

NMLS - 327086 DRE 01790347 CA Ins. 0D33945

***ഇതു പ്രണയമോ അതോ ഭ്രാന്തോ?***

(Contd...)

താന് ഒരു പെണ്കുട്ടിയെ സ്നേഹിച്ചുവെന്നും അവരെത്തന്നെ വിവാഹം ചെയ്തുവെന്നും പറഞ്ഞതോടെ ആ കഥ കഴിഞ്ഞു. ചേട്ടന് കൂട്ടുകാരികളോട് അന്വേഷിച്ചപ്പോള് വെറുതെ ഒരു തമാശയ്ക്ക് തങ്ങള് ചെയ്തതാണെന്ന മറുപടിയില് പാവം ആനിച്ചേച്ചി പരിഹാസ്യയായി. ചേച്ചി സ്ഥിരമായി ബസ് കയറുന്ന സ്റ്റോപ്പില് അവര് നില്ക്കുന്നതിനും പുറകില് നില്ക്കുന്ന പെണ്കുട്ടിയെയായിരുന്നു കഥാനായകന് പ്രണയിച്ചിരുന്നത്. ആ കുട്ടിയെ പ്രതീക്ഷിച്ചാണ് നിന്നത്, അവളെ നോക്കിയാണ് ചിരിച്ചത്. ഒടുവില് അവളെ തന്നെ അയാള് സ്വന്തമാക്കുകയും ചെയ്തു. അങ്ങനെ ഒരു പ്രണയം പൂവിട്ടപ്പോള് പറയാതെ പോയ പ്രണയം വാടിക്കൊഴിഞ്ഞുപോയി.

കഥയറിയാതെ ആനിച്ചേച്ചി കുറച്ച് കാലം വിഷാദത്തിന്റെ പിടിയിലമര്ന്ന് ആശുപത്രിയില് കഴിഞ്ഞു. പിന്നീട് കാര്യങ്ങളെല്ലാം എല്ലാവരും ചേര്ന്ന് ചേച്ചിയോട് പറഞ്ഞുവെങ്കിലും ഇനിയൊരു വിവാഹം വേണ്ടെന്ന തീരുമാനമായിരുന്നു അവരുടേത്. അയാളെ മറക്കാനായി പ്രാര്ത്ഥനകളും പള്ളിയുമായി പിന്നെയുള്ള അവരുടെ ജിവിതം.

മമ്മിയും അമ്മിണിച്ചേച്ചിയും ആനിച്ചേച്ചിയുടെ അവസ്ഥയില് പരിതപിച്ചപ്പോഴും ഞാന് ചിന്തിച്ചത് ഇതിലെന്താണ് ഇത്ര ഫീലിങ്ങ്സ് എന്നായിരുന്നു. ഒരു പരിചയവുമില്ലാത്ത ഒരാളെ ഓര്ത്ത് ജീവിതം പാഴാക്കുന്ന വിഡ്ഢിയായാണ് അവരെ ഞാന് കാണുന്നത്. പിന്നീട് രണ്ടു വര്ഷങ്ങള്ക്ക് ശേഷം ആ നാടിനോട് വിടപറയുമ്പോഴും ആനിച്ചേച്ചി വിവാഹിതയായിരുന്നില്ല. പിന്നീട് ആ നാട്ടിലേക്ക് മടങ്ങിപ്പോകാന് കഴിഞ്ഞുമില്ല. ആനിച്ചേച്ചി വിവാഹം കഴിച്ചോ? അതോ ഒരിക്കലും സ്നേഹിക്കാത്ത ഒരാളെ ഓര്ത്ത് ജീവിതം പാഴാക്കിയോ എന്നൊക്കെ ഇടയ്ക്ക് ഞാന് ഓര്ക്കാറുണ്ട്. എന്നെങ്കിലും ആ നാട്ടില് പോയാല് അവരുടെ വീട്ടില് പോകണമെന്നാണ് ആഗ്രഹം. തിരിച്ച് കിട്ടാത്ത പ്രണയത്തിനു വേണ്ടി ജീവിതം കളയാതെ വിവാഹിതയായി അവര് ജീവിക്കുന്നുണ്ടാകുമെന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.

*എം ജി രാധാകൃഷ്ണൻ എന്ന ഗുരുനാഥൻ-*

***കിരൺ ജോസ്***



1998 തിരുവനന്തപുരം. ഡിഗ്രി കഴിഞ്ഞിറങ്ങി ജോലിയുടെ ഭാഗമായി ആദ്യമായി ഒരു നഗരത്തിൽ താമസിക്കുന്നതിന്റെ ആവേശം. അത്തരം ആവേശത്തിന്റെ പുറത്തായിരുന്നു ആദ്യമായി പാട്ട് പഠിക്കണമെന്ന ആഗ്രഹം തല പൊക്കുന്നത്. കച്ചേരിക്കാരെ അത്രങ്ങോട്ട് ശ്രദ്ധിക്കാത്തതു കാരണം ക്ലാസിക്കൽ പഠിക്കാൻ താല്പര്യവുമില്ല.പിന്നെന്ത് പഠിക്കും? ശബ്ദം നന്നാക്കിയെടുക്കാൻ വല്ല എക്സർസൈസും? അങ്ങനെയൊന്നുമില്ല..

കൂടെയുള്ള രാജൻ നായരു പറഞ്ഞു, നമ്മുടെ ലോഡ്ജിന്റെ അരക്കിലോമീറ്ററിനപ്പുറം ഒരാൾ വന്ന് ഇടക്കിടെ കൊച്ചു പിള്ളേർക്ക് ലളിതഗാനം ഒക്കെ പഠിപ്പിച്ചു കൊടുക്കുന്നുണ്ട്. ഫീസൊന്നും വാങ്ങുന്നുമില്ല. ആരാ ? സംഗീത സംവിധായകൻ എം ജി രാധാകൃഷ്ണൻ…എന്റമ്മോ..അദ്ദേഹം വല്ലതും നമ്മളെ അടുപ്പിക്കുമോ രാജാ ? പിന്നെന്താ എന്റെ ഒരു കസിൻ അവിടെ പഠിക്കുന്നുണ്ട്.ഞാൻ അയാളോട് ചോദിച്ചു നോക്കാം..രാജന്റെ കസിൻ സാറിനോട് ശുപാർശ ചെയ്തതനുസരിച്ച് ഞാനും രാജനും കൂടി അടുത്ത് വന്ന ഞായറാഴ്ച ലോഡ്ജിൽ നിന്ന് ഈ സംഗീത ക്ലാസ്സിലെത്തി.

അവിടെ ചെന്നപ്പോൾ ഒരു കൂട്ടം ഊപ്രിപ്പിള്ളേർ മാത്രം, ഒരു കൊച്ച് പയ്യൻ നിക്കറുമിട്ടോണ്ട് വന്ന് രാജനോട് പിറുപിറുക്കുന്നു. രാജൻ പറഞ്ഞു ദേ ഇതാ എന്റെ കസിൻ. അയ്യേ..ഈ ഊപ്രിയാണോ നമുക്ക് വേണ്ടി ശുപാർശ ചെയ്തത്. അതേ, ആ ക്ലാസ്സ് മുഴുവൻ മുലകുടി മാറാത്ത പിള്ളേർ.ആ നാണക്കേടുമോർത്ത് ക്ലാസ്സിൽ തലയും കുനിച്ചിരിക്കുമ്പോൾ വാതിൽക്കൽ ഒരു കാറ് വന്ന നിൽക്കുന്ന ശബ്ദം. അതാ വരുന്നു നല്ല തൂവെള്ള ഡ്രസ്സിട്ട് ( എന്റെ ജീവിതത്തിൽ ഇത്രയും വെള്ള വസ്ത്രം വൃത്തിയായി ഉപയോഗിച്ച് ഒരാളെ ആദ്യമായിട്ട് കാണുകയാണ് ) ഫോട്ടോയിലും ടിവിയിലുമൊക്കെ മാത്രം കണ്ടിട്ടുള്ള ഒരു മനുഷ്യൻ. ഒരു ചുവന്ന കുറി..താടി..പ്രൗഢിയോടെ സാക്ഷാൽ എം ജി രാധാകൃഷ്ണൻ. ഞാൻ രാജന്റെ കസിൻപയ്യനെ ആരാധനാപൂർവ്വം നോക്കി.

പുതിയ രണ്ട് ആളുകൾ വന്നിട്ടുണ്ടെന്നോ കൊച്ച് ഊപ്രികളുടെ പിന്നിൽ രണ്ട് ചെറുപ്പക്കാർ ഉണ്ടെന്നോ ഒന്നും നോക്കാതെ സാർ തുടങ്ങി..ഊപ്രികളെല്ലാം കൂടി കഴിഞ്ഞ ആഴ്ച പഠിച്ച കാര്യങ്ങൾ റിവൈസ് ചെയ്യാൻ തുടങ്ങി. ഹോ..ജീവിതത്തിൽ ഇന്നുവരെ അത്തരമൊരു മനോഹരമായ ഒരു കോറസ് ആലാപനം ഞാൻ കേട്ടിട്ടില്ല. ക്ലാസ്സിനിടയ്ക്ക് സാർ എന്റെയും രാജന്റേയും പേരു വിളിച്ചു. വിറച്ച് വിറച്ച് എഴുന്നേറ്റു നിന്നു. ശബ്ദം ഒന്നും പുറത്തേക്ക് വരുന്നില്ല. എങ്കിലും മുക്കി മൂളി ഞാൻ പരിചയപ്പെടുത്തി. പിള്ളേർക്കെല്ലാം ആകെ കൗതുകം. ക്ലാസ്സ് കഴിഞ്ഞപ്പോൾ സാർ പറഞ്ഞു: *ഞാൻ മുതിർന്നവർക്കുള്ള ഒരു സെഷൻ നടത്തുന്നുണ്ട്.അവർ കുറച്ച് അഡ്വാൻസ്ഡ് ആയിപ്പോയിരിക്കുന്നു. നിങ്ങൾ രണ്ടു പേരും കുറച്ച് നാൾ ഇവരുടെ കൂടെത്തന്നെ പഠിച്ചിട്ട് അവിടെ ജോയിൻ ചെയ്യുക.*

ജോലിയുടെ തിരക്കിന്റെ ഭാഗമായി മൂന്നുമാസത്തിനുള്ളിൽ ആ ക്ലാസ്സുകൾ എനിക്ക് ഉപേക്ഷിക്കേണ്ടതായി വന്നു. രവീന്ദ്രനാഥ ടാഗോറിന്റെ *ഞാനറിവീല ഭവാന്റെ മോഹനഗാനാലാപന ശൈലി* ഒക്കെ ആലപിക്കാൻ പഠിച്ചത് പിന്നീട് പാഠം ഒന്ന് വിലാപം എന്ന സിനിമയിൽ അതേ ട്യൂണില് മീര ജാസ്മിൻ പാടുന്നത് കേട്ടപ്പോൾ അദ്ഭുതം തോന്നി. എങ്ങനെ ഈ ട്യൂൺ പുറത്തായെന്ന്...അതു പോലെ അനന്തഭദ്രത്തിൽ കലാഭവൻ മണി പാടി ഹിറ്റായ മാലമലോലുലുയ്യാ ഒരു ഫോക്ക് പാട്ടായിട്ടാണ് ഞങ്ങളുടെ ക്ലാസ്സിൽ പഠിപ്പിച്ചത്. തികച്ചും വ്യത്യസ്തമായ ഒരു ട്യൂൺ....

ടിവിയിൽ വാർത്ത കാണുമ്പോൾ, മാഷിന്റെ ആ ശോഷിച്ച ശരീരം കാണുമ്പോൾ പണ്ടത്തെ ആ ദിനങ്ങളും ഓർമകളും ഒരു പാട പോലെ വന്ന് കണ്ണൂ മൂടുന്നു. എത്ര വലിയൊരു അവസരമാണ് ഉപയോഗിക്കാതെ നഷ്ടപ്പെടുത്തിയതെന്ന സങ്കടവും..!

ഒരിക്കലെങ്കിലും ചെന്ന് കാണാമായിരുന്നു..കണ്ടില്ല. പേടി കൊണ്ട്. മനസിലാവും എന്ന ഉറപ്പില്ല. അവിടെയും പേഴ്സണൽ ഈഗോ വിൻ ചെയ്തു.

നന്ദികേടോടെ ആദരാഞ്ജലികൾ...

# MANCA MONEY MATTERS

**Home Ownership & Mortgage Protection for Couples**

**To own a dream home is the dream of all couples. However the fact of life is that**

**"**We are merely the stars tennis-balls, struck and bandied which way please them."

**John Webster.**



***When it comes to buying your dream home, please keep in mind that Location, Location and Location are the three key things to be kept in mind, nothing else. We all want the best house at the least price. But can we afford to make that payment? Have you examined the tax benefits of owning a home?***

When it comes to Mortgage Affordability is the best test. Usually banks want to see that your mortgage payments are not more than 31% of our income. The % varies with program to program. Higher allowance is possible.

**Most homeowners** think they own the home!! However unless you own the home without a mortgage, there are two owners for every property. The bank is the other invisible home owner.

They are visible, only when we default i.e. when we are unable to make a mortgage payment.

There are two insurance products that could help homeowners to remain homeowners **in the hour of need.**

Mortgage Protection Insurance **Ensures that the house** remains with the family in the event one of them is no longer there due to death. This program could be designed to get the entire premium paid back at the end of 15, 20 or 30 years.

**Disability Insurance** This will ensure that in the event one spouse or both spouses are unable to perform their normal duties due to illness or accident, the insurance company would pay the mortgage amount. The amount of the payment would depend on the current income as well as the ability to pay premiums for the amount of disability desired. Here again the program can be designed to get partial premium back if there are no disability claims.

**Jacob Varghese is a Senior Loan Officer with MaxReal and also an independent Insurance Agent**.

# The Legend of Valentine






In the days of ancient Rome, the fourteenth day of February was a pagan holiday which honoured Juno. Juno was the queen of the Roman gods as well as the goddess of women and marriage. The next day, the fifteenth, was the first day of the Festival of Lupercalia. This festival honored Juno and Pan who were two Roman gods. Fertility rituals were held on this day. On the night before the festival started, it was customary for the names of the Roman girls to be written on slips of paper. These slips were then placed in a container and then each boy drew a name of the girl who he would be coupled with for the entire Lupercalia festival.

Rome was under the authority of Emperor Claudius the Second, and he was a vicious warrior, not to mention the fact that he was insane. His armies lacked the sufficient number of soldiers it needed, and Claudius could not figure out why more young men didn't want to go to battle. Finally, he determined that the young men didn't want to leave their wives, families and girlfriends. In order to remedy this, the Emperor instituted a new law and cancelled all of the marriages and engagements in Rome.

In the mean time, there lived a priest in Rome by the name of Valentine. He did not believe in the Emperor's new law, and he refused to abide by it. He continued to perform wedding ceremonies in secret. He lived in constant fear that he would be caught by Emperor Claudius' soldiers, but he persisted in doing what he knew was right. Finally, the day did come when Bishop Valentine was caught uniting a man and a woman in the bonds of holy matrimony. The soldiers dragged him to stand before Emperor Claudius' throne. The Emperor condemned the Bishop to be put to death for his violation of the law.

While the priest was imprisoned, waiting for his execution, many young couples threw notes of thanks along with flowers and other gifts into the window of his cell. Among these young people who admired the priest for doing the right thing was the prison guard's own daughter. Her father allowed her to visit Bishop Valentine in his cell. During these visits, the two would talk and laugh and share each other's thoughts. Finally, the day arrived when Bishop Valentine was scheduled to die. It was the fourteenth of February in the year of 270 AD. While he was waiting for the soldiers to come and drag him away, Bishop Valentine composed a note to the girl telling her that he loved her. He signed it simply, "From Your Valentine." Finally, in the year 496 AD, Pope Gelasius did away with the pagan festival of Lupercalia, citing that it was pagan and immoral. He then chose Bishop Valentine as the patron saint of lovers, who would be honored at the new festival on the fourteenth of every February.

Over the years, Valentine's Day has evolved into a holiday when gifts, cards, flowers and candy are given to the ones we love or would like to start a relationship with. And it is all because of a brave, righteous man named Valentine

***Thank you for your support. We would love to hear from you!***

***For contributions, please send us your articles, poems, pictures, etc within the second week of the last month of any quarter so we can include it in the forthcoming publication. The publishers will reserve the right to publish any article or work. To reach us, please email us at: mancapost@mancaonline.org***

***Chief Editor: Dr Ajit Nair***

***Editorial Board Members- Tojo Thomas, Shubha Chawla, Reenu Cherian, Manoj Empranthiri***

## Trivia Corner

**Did you know that -**

**Mickey Mouse's original name was Mortimer Mouse?**

**The Blue Whale is the animal that produces the biggest baby?**

**'Scut' is the real word for a rabbit's tail?**

**Mc Donald's overtook Coca Cola as the world's most well known brand name in 1996?**

**An octopus has 3 hearts?**

**Elisha Otis invented the elevator in the year 1853?**

**The metal or plastic end of a shoelace is called an aglet?**



